(ബി) മാനദണ്ഡങ്ങൾക്കനുസരിച്ച് നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികളുടെ ധനാനുമതിയും ഭരണാനുമതിയും നൽകി വേഗത്തിൽ തീർപ്പുകൽപ്പിക്കാറുണ്ട്. നിർദ്ദേശങ്ങൾ പരിശോധിക്കാനുള്ള എല്ലാ വിവരങ്ങളും ഫയലിൽ ലഭ്യമല്ലെങ്കിൽ അഥവാ വ്യക്ത മല്ലെങ്കിൽ അവ ശേഖരിച്ചതിനുശേഷം അനുമതി നൽകുന്നു. പ്രവൃത്തികൾ നടപ്പിലാ ക്കാനുള്ള കാലതാമസം ഒഴിവാക്കാനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

(സി) താരതമ്യേന വലിയ അടങ്കലുള്ള പ്രവൃത്തികളായതിനാൽ ജില്ലാ കളക്ടർമാർക്ക് ഫണ്ട് നൽകുന്നതിന് തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ആസ്തി വികസന പദ്ധതിപ്രകാരമുള്ള കടിശ്ശിക

123 (469) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് ബിൽ കടിശ്ശിക നൽകാനുണ്ടോ ;

(ബി) എങ്കിൽ ഏതു കാലയളവുവരെയുള്ള ബില്ലുകളാണ് ഇതുവരെ അനുവദി ച്ചിട്ടുള്ളത് ;

(സി) ഇനി എത്ര രൂപയുടെ ബിൽ കുടിശ്ശികയുണ്ട് ;

(ഡി) ആസ്തി വികസന പദ്ധതി പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ല് മാറുന്നതിന് എന്തെങ്കിലും മുൻഗണനയുണ്ടോ ; വിശദമാക്കുമോ ;

(ഇ) ആസ്തി വികസന പദ്ധതി പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തികൾ എത്ര രൂപയുടെ ബില്ലുകൾ ഇതുവരെ മാറി നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) നൽകാനുണ്ട്.

(ബി) പൊതുമരാമത്ത് ജലവിഭവവകുപ്പുകളിലെ 31-12-2013 വരെയുള്ള ബില്ലുകൾ മാറുന്നതിനുള്ള ലിറ്റർ ഓഫ് ക്രെഡിറ്റ് നൽകിയിട്ടുണ്ട്.

(സി) ഭരണ വകുപ്പിൽ നിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 30-11-2014 വരെ 1582.36 കോടി രൂപയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 411.71 കോടി രൂപയും ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെ 110.78 കോടി രൂപയും ഉൾപ്പെടെ ആകെ 2104.85 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 11-4-2001-ലെയും 18-10-2002-ലെയും സിസിസി 803/2000 ലെയും അനുബന്ധ കേസുകളിലെയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് ജലവിഭവവകുപ്പുകളിലെ പ്രവൃത്തികൾ പൂർത്തിയാക്കിയ ഇനത്തിൽ കരാറുകാർക്ക് നൽകുവാനുള്ള തുക സംസ്ഥാന മുൻഗണന പ്രകാരമാണ് നൽകിവരുന്നത്. ആസ്തി വികസന പദ്ധതിപ്രകാരം പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകളും ഇപ്രകാരമുള്ള സംസ്ഥാനതല മുൻഗണന ക്രമത്തിലാണ് അനുവദിച്ചു വരുന്നത്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചീഫ് എഞ്ചിനീയർ മുഖേന ആസ്തി വികസന പദ്ധതിപ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സംസ്ഥാനതല മുൻഗണനാക്രമം ബാധകമല്ല.

(ഇ) ആസ്തി വികസന പദ്ധതിപ്രകാരം പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് ഈ സാമ്പത്തിക വർഷം ഇതുവരെ 47.04 കോടി രൂപയുള്ള ബില്ലുകൾ മാറുന്നതിന് ലറ്റർ ഓഫ് ക്രെഡിറ്റ് നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചീഫ് എഞ്ചിനീയർ മുഖേന നടപ്പിലാക്കിയ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് 2015 ഡിസംബർ 31 വരെ 20.83 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

ചെലവ് അവലോകന കമ്മിറ്റി റിപ്പോർട്ട്

124 (470) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധന ഉത്തരവാദിത്ത നിയമ പ്രകാരം ചെലവ് അവലോകന കമ്മിറ്റി (Expenditure Review Committee) സമർപ്പിച്ചിട്ടുള്ള മൂൻ റിപ്പോർട്ടുകളിലെ എല്ലാ ശിപാർശകളും സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ശിപാർശകളിൽ സർക്കാർ തള്ളിക്കളഞ്ഞവ, സ്വീകരിച്ച് നടപ്പിലാക്കിയവ എന്നിവ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ചെലവ് അവലോകന കമ്മിറ്റി (Expenditure Review Committee)യുടെ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly